


# ദൈവപുത്രനായ ക്രിസ്തു

നിയമാ. 24:14-22; ഹെബ്രാ. 8:1-6; യോഹ. 3:22-31 (Vol. 9, Issue 42)

**ബ്ര. ജൂഡ് കോയിൽപ്പറമ്പിൽ** MCBS

ഈശോ ആരെന്നും എപ്രകാരമാണ് ഈശോയെ ലോകത്തിന് മുമ്പിൽ നാം ആവിഷ്കരിക്കേണ്ടതെന്നും നമ്മെ പഠിപ്പിക്കുന്ന ദനഹാക്കാലത്തിലെ ആറാം ഞായറാഴ്ചയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ് നാം. വി. യോഹന്നാൻ അറിയിച്ച സുവിശേഷത്തിലെ ഏതാനും വാക്യങ്ങളാണ് വചനവിചിന്തനത്തിനായി തിരുസഭ പ്രധാനമായി നൽകിയിരിക്കുന്നത്. യോഹന്നാൻ തന്റെ സുവിശേഷം അവസാനിപ്പിക്കുന്നതിന് മുമ്പായി ഇപ്രകാരമൊരു വാക്യം കുറിച്ചുവച്ചിട്ടുണ്ട്: "ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനു വേണ്ടിയാണ്." ഇന്നത്തെ സുവിശേഷഭാഗത്തിലെ സ്നാപകന്റെയും ശിഷ്യരുടെയും സംഭാഷണത്തിലൂടെ യോഹന്നാൻ സുവിശേഷകൻ വ്യക്തമാക്കാനായി ശ്രമിക്കുന്നതും ഇതേ ആശയം തന്നെയാണ് - യേശു ദൈവപുത്രനായ ക്രിസ്തുവാണ്.

സ്നാപകയോഹന്നാന്റെ ശിഷ്യരുടെയുള്ളിൽ അസൂയയുടെ ഒരു വിത്ത് ചെറുതായി മുളച്ചിരിക്കുന്നു. ഇക്കാലമത്രയും തങ്ങളുടെ ഗുരുവിന്റെ പക്കലേക്ക് അനേകം പേർ സ്നാനം സ്വീകരിക്കുവാനായി വന്നെത്തിയിരുന്നു. എന്നാൽ ഇന്ന് ജനക്കൂട്ടം മുഴുവൻ തങ്ങളുടെ ഗുരു ആരെക്കുറിച്ച് സാക്ഷ്യം പറഞ്ഞുവോ അവന്റെ പക്കലേയ്ക്ക് ഓടുകയാണ്. തങ്ങളുടെ ഗുരുവിന്റെ പക്കലേയ്ക്ക് അധികം ആളുകൾ എത്തുന്നുമില്ല. സ്നാപകന്റെ ശിഷ്യരെന്ന നിലയിൽ തങ്ങൾക്ക് ഇനി വല്ല പ്രസക്തിയും ഉണ്ടാകുമോ എന്നൊരു ആശങ്കയും ഈ ശിഷ്യരുടെ ഉള്ളിലൂടെ കടന്നുപോയിട്ടുണ്ടാകാം. തന്റെ ശിഷ്യരുടെ ഈ മനോഭാവങ്ങൾക്ക് സ്നാപകയോഹന്നാൻ നൽകുന്ന മറുപടിയുടെ ആദ്യവാക്യം സുപ്രധാനമാണ്. "സ്വർഗ്ഗത്തിൽ നിന്ന് നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല".

യേശു സ്വർഗ്ഗത്തിൽ നിന്ന് വന്നവനാണെന്നും അവിടുന്ന് നൽകുന്ന കൃപ ദൈവദാനമാണെന്നും തിരിച്ചറിയാൻ യോഹന്നാന് സാധിച്ചു. തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിലുണ്ടാകുന്ന നന്മകളും സമൃദ്ധിയും ദൈവദാനമാണെന്ന തികഞ്ഞ ബോധ്യം നമ്മുടെയുള്ളിൽ രൂപപ്പെടണം. എനിക്കുള്ളതെല്ലാം ദൈവദാനമാണെന്ന ബോധ്യമുണ്ടാകുമ്പോഴേ പങ്കുവയ്ക്കാനുള്ള മനോഭാവം നമ്മുടെയുള്ളി ൽ രൂപപ്പെടുകയുള്ളൂ. പഴയനിയമ പുസ്തകത്തിലെ ഒന്നാം വായനയിലൂടെ നാം ശ്രവിച്ചത് ഈ പങ്കുവയ്ക്കുന്ന മനോഭാവത്തെക്കുറിച്ചാണ്.

മോശ ഇ സ്രായേൽ ജനത്തോട് പറയുകയാണ്: ''പരദേശി ക്കും അനാഥനും വിധവയ്ക്കും കൊടു ക്കാനായി നീ എപ്പോഴും മാറ്റിവയ്ക്കണം'' എന്ന്. തനിക്കുള്ളതെല്ലാം ദൈവദാനമാണെന്ന് മനസ്സി ലാക്കി അത് പങ്കുവയ്ക്കുന്ന ക്രിസ്തുശിഷ്യന്റെ ഭാവം മനസ്സിലാക്കി മദർ തെരേസ ഇപ്രകാരം പറഞ്ഞു: ''ക്രിസ് ത്യാനിയെന്നാൽ കൊടുക്കുന്നവ നാണ്'' എന്നർ ത്ഥം. ഈശോയ്ക്ക് പിന്നാലെ ജനക്കൂട്ടം പോകുമ്പോൾ സ്നാപകന്റെ ശിഷ്യൻ എന്ന തങ്ങളുടെ സ്ഥാനത്തിന്റെ പ്രസക്തിയെക്കുറി ച്ചോർത്ത് കലുഷിതമായ മനസ്സോടെ എത്തുന്ന ശിഷ്യരോട് സ്നാ പകയോഹന്നാൻ തന്റെ സ്ഥാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുകയാണ് - താൻ മണവാളന്റെ സ്നേഹിതൻ മാത്രമാണ്.

യഹൂദ വിവാഹങ്ങളിൽ മണവാളന്റെ സ്നേഹ തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. വിവാഹത്തി ന്റെ ക്രമീകരണങ്ങൾ അവനാണ് നടത്തേണ്ടത്. എ ല്ലാം തയ്യാറായിക്കഴിയുമ്പോൾ മണവാളൻ വധൂ ഗൃഹത്തിലേയ്ക്ക് വരികയായി. മിക്കപ്പോഴും അ വൻ വന്നുചേരുക രാത്രിയിൽ വളരെ വൈകിയാ യിരിക്കും. അതുവരെ മണവാട്ടിയുടെ കാവൽക്കാ രന്റെ തസ്തിക അവനുണ്ട്. മണവറ ഭദ്രമായി അട ച്ച് മണവാളന്റെ സ്നേഹിതൻ മണവാട്ടിക്ക് കാവൽ നിൽക്കുന്നു. മണവാളന്റെ പേരിൽ മറ്റാരും അകത്ത് കടന്നുകൂടാ. അങ്ങനെ രാത്രിയുടെ യാമങ്ങളിൽ മറ്റെല്ലാവരും ഉറങ്ങിയാലും കണ്ണുകൾ തുറന്ന് ജാഗ്ര തയോടെ മണവാളന്റെ സ്നേഹിതൻ മണവാളനെ യും കാത്തിരിക്കുന്നു. അവസാനം, മണവാളന്റെ സ്വരം ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വര ത്തിൽ സന്തോഷിക്കുന്നു. സർവ്വാലംകൃതയായ മ ണവാട്ടിയെ സ്നേഹിതൻ മണവാളന് കാണിച്ചുകൊ ടുക്കുന്നു. അതോടെ സ്നേഹിതന്റെ ഉത്തരവാദി ത്വം കഴിഞ്ഞു. മണവാട്ടി മണവാളന്റേതു മാത്രമാ ണ്. സ്നേഹിതൻ ഉത്തരവാദിത്വം പൂർത്തിയാക്കിയ നിർവൃതിയോടെ തിരിച്ചുനടക്കുന്നു.

ഈ പശ്ചാത്തലം അറിഞ്ഞുവേണം നാം സ് നാപകയോഹന്നാനെ മനസ്സിലാക്കേണ്ടത്. മണവാ ളനായ ഈശോയ്ക്ക് സമർപ്പിക്കാനായി ദൈവജന മായ മണവാട്ടിയെ ഒരുക്കിനിർത്തുക മാത്രമായി രുന്നു മണവാളന്റെ സ്നേഹിതനായ തന്റെ ഉത്തര വാദിത്വമെന്ന് സ്നാപകയോഹന്നാൻ തന്റെ ശിഷ്യ രെ ബോധ്യപ്പെടുത്തുകയാണ്. ഇനിയും മണവാ ളന്റെ സ്നേഹിതനായ തനിക്ക് പ്രസക്തിയില്ല. മണ വാളനായ ക്രിസ്തു എത്തിക്കഴിഞ്ഞു. ഇനി മണ വാളൻ വളരുകയും ഞാൻ കുറഞ്ഞ് ഇല്ലാതാവു കയും വേണം എന്നാണ് സ്നാപകൻ പറയുന്നത്.

''ഇതാ, മിശിഹാ വന്നെത്തിയിരിക്കുന്നു. മറ്റാരെയും നിങ്ങൾ ഇനി പ്രതീക്ഷിക്കേണ്ട. അവന്റെ പിന്നാ ലെ നിങ്ങളും പൊയ്ക്കൊള്ളുക'' എന്ന സന്ദേശ മാണ് സ്നാപകയോഹന്നൻ തന്റെ ശിഷ്യർക്ക് നൽ കുന്നത്. തികഞ്ഞ കർത്തവ്യനിർവ്വഹണത്തിന്റെ യും എളിമയുടെയും ശ്രേഷ്ഠമായ മാതൃക നൽകി ക്കൊണ്ടാണ് സ്നാപകയോഹന്നാൻ ഈ സുവി ശേഷഭാഗത്തിൽ നിന്ന് പിൻവാങ്ങുന്നത്. ദൈവം തന്നെ ഏൽപ്പിച്ച ദൗത്യം ഏറ്റവും ഭംഗിയായി നിർ വ്വഹിക്കാൻ താൻ പരിശ്രമിച്ചിരിക്കുന്നു. ഈ ദൗ ത്യം വിജയകരമായി പൂർത്തിയാക്കുമ്പോൾ തനിക്ക് അഹങ്കരിക്കാനായി തെല്ലും യോഗ്യതയില്ല എന്ന മനോഭാവമാണ് സ്നാപകനുള്ളത്. ഒരുപക്ഷെ, സ് നാപകന്റെ ജീവിതം കണ്ടിട്ടാകാം ഈശോ ഒരിക്ക ൽ തന്റെ ശിഷ്യരോട് ഇപ്രകാരം പറഞ്ഞത്: ''നിങ്ങ ൾ കൽപിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്; കടമ നിർവ്വഹിച്ചതേയുള്ളൂ'' എന്ന് പറയുവിൻ. ആരോ രുമില്ലാത്തവർക്ക് താങ്ങും തണലുമായ ലോകമ നഃസാക്ഷിയിൽ നിറഞ്ഞ് നിൽക്കുമ്പോൾ മദർ തെ രേസ തന്നെക്കുറിച്ച് തന്നെ പറഞ്ഞത്: ''ഞാനെന്റെ കർത്താവിന്റെ കരങ്ങളിലിരിക്കുന്ന ഒരു പെൻസിൽ മാത്രമാണ്'' എന്ന്. ഈ ആഴമായ എളിമയുടെ മാ തൃകകൾ നമുക്കും പിൻചെല്ലാം.

എളിമ എന്ന പുണ്യം അതിന്റെ പാരമ്യത്തിൽ നാം ദർശിക്കുന്നത് വി. കുർബാനയിലാണ്. ഹെ ബ്രായ ലേഖനകർത്താവ് നമ്മെ ഓർമ്മിപ്പിച്ചു: ''സ്വ ർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വല ത്തു ഭാഗത്തിരിക്കുന്ന ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ട്.'' എന്നാൽ, അവനിന്ന് സ്വയം ചെറു തായി ഒരു അപ്പത്തിന്റെ രൂപത്തിൽ നമ്മുടെ ഹൃദ യങ്ങളിലേയ്ക്ക് കടന്നുവരുന്നു. ഇതിലും നന്നായി എളിമ എന്ന പുണ്യത്തെ അടയാളപ്പെടുത്തുക അസാധ്യമെന്ന് തോന്നുംവിധം അവൻ ചെറുതാ യി. ഈശോയും സ്നാപകയോഹന്നാനും നൽകു ന്ന ഈ മാതൃക നമുക്ക് പിൻചെല്ലാം. അങ്ങനെ ലോകത്തിന് മുമ്പിൽ നമ്മുടെ രക്ഷകനെ നമുക്ക് ആവിഷ്കരിക്കാം. ആഗ്രഹിക്കുന്ന സ്ഥാനമാനങ്ങ ൾ കിട്ടാനായി ഏതറ്റംവരെയും പോകുന്ന വ്യക്തി ത്വമാണോ എന്റേത്? കിട്ടാത്ത പദവികളെക്കുറി ച്ചോർത്ത് അസംതൃപ്തമാകുന്ന മനസ്സാണോ എ ന്റേത്? സമൂഹത്തിലും കുടുംബത്തിലും എനിക്കു ള്ള പദവിയും സ്വത്തും ദൈവദാനമാണെന്ന ബോ ധ്യം നമ്മിൽ രൂപപ്പെടട്ടെ. ആ പദവിയും സമ്പത്തും ശുശ്രൂഷിക്കുവാനും പങ്കുവയ്ക്കുവാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമ്മേൻ